**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.6

02.03.2020-ൽ മറുപടിക്ക്

**മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം**

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണ ആനുകൂല്യത്തിന് യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ: | (എ) | 12.02.2020-ലെ സ.ഉ (എം.എസ്) നം.2/2020/ ഉ.ഭ.പ.വ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂവിസ്തൃതി കണക്കാക്കാൻ "കുടുംബം" എന്ന നിർവചനത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/ സഹോദരി, അപേക്ഷകൻ/ അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, കുടുംബത്തെ ആശ്രയിച്ച് കഴിയുന്ന 18 വയസ്സിനു മുകളിലുള്ളവർ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു. |
| (സി) | സാമ്പത്തിക സംവരണാനുകൂല്യങ്ങൾ കേന്ദ്ര സർക്കാർ എന്നുമുതലാണ് പ്രാബല്യത്തിലാക്കിയതെന്നും കേരളത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും വെളിപ്പെടുത്തുമോ? | (സി) | കേന്ദ്ര സർക്കാർ നൽകുന്ന സാമ്പത്തിക സംവരണാനുകൂല്യം കേന്ദ്ര സർക്കാർ നിയമനങ്ങളിൽ 01.02.2019 മുതൽ നോട്ടിഫൈ ചെയ്യുന്ന ഒഴിവുകളിലെ നിയമനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2019-20 അധ്യയനവർഷം മുതലും പ്രാബല്യമുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സംവരണ ആനുകൂല്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള ആനുകൂല്യങ്ങൾക്ക് സ.ഉ(എം.എസ്)നം.2/2020/ഉ.ഭ.പ.വ-യുടെ തീയതി മുതലും, നിയമന സംവരണത്തിനുള്ള ആനുകൂല്യം ഇത് സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ നിശ്ചയിക്കുന്ന തീയതി മുതലും ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാകും. |

സെക്ഷൻ ഓഫീസർ